## കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# ജനഗണമന...

**ഇത്** ടാഗോർ എഴുതിയ പ്രഭാതഗീതത്തിലെ വരികളാണ്. സ്വാതന്ത്ര്യം നേടുന്നതിന് മുമ്പ് പല സ്വതന്ത്രരാജ്യങ്ങളായിരുന്നു ബ്രിട്ടീഷ് ഇന്ത്യ. 1911ലെ ഭൂപടമല്ല ഇന്നത്തേത്. അതിനാൽ ഇതിലെ വരികൾ വായിച്ച് ദേശീയ വികാരം ഉണ്ടാകാൻ ഇടയില്ല. പിന്നെ കുട്ടിക്കാലം മുതലേ പാടിപ്പഠിച്ചത് നമ്മിൽ നിറഞ്ഞുതുളുമ്പിയെന്നു വരാം, അത്രതന്നെ. ഇടതന്മാർക്ക് ദേശാഭിമാനം കുറവാണെന്ന പരാതി തീർക്കാനാണ് 'ദേശാഭിമാനി' എന്ന് പ്രസിദ്ധീകരണത്തിന് പേരിട്ടത്. ഇവർ അതുവരെ സാർവ്വദേശീയവാദികൾ ആയിരുന്നു എന്നാണ് വെയ്പ്പ്. സാർവ്വദേശീയ ഗാനമാണ് ഇവരുടെ പുത്തൻപാന. അതിൽ സാർവ്വദേശീയമായ വരികൾ വെള്ളിയും വെള്ളിക്കോലും പോലെയാണ്. സ്വാതന്ത്ര്യാനന്തരം ഒറ്റപ്പെട്ട കമ്മ്യൂണിസ്റ്റുകാർ വളരെ ദേശഭക്തി പ്രകടിപ്പിക്കാൻ തുടങ്ങി. ദേശീയഗാനത്തിന്റെ ഇപ്പോഴത്തെ അവകാശത്തിനായുള്ള കടിപിടി അതിന്റെ തുടർച്ചയാണ്. കപടദേശീയതയോട് സാർവ്വദേശീയ ഗാനം കൊണ്ട് മറുപടി പറയാനാവില്ല എന്നറിഞ്ഞവർ ദേശീയവാദികളായി – ഇന്ത്യൻ കുത്തകകളുടെ സഹയാത്രികരായി. ടാഗോർ ബ്രിട്ടീഷ് രാജാവിനെ സ്തുതിച്ച് എഴുതിയതാണ് ജനഗണമന എന്ന് പ്രഖ്യാപിച്ചിരുന്ന ഇടതുകൾ അങ്ങനെ ദേശീയഗാനക്കാരായി. പണ്ടേ ദേശീയഗാനത്തെ അംഗീകരിക്കാത്ത വന്ദേമാതരക്കാരും ടാഗോറിനെ വിമർശിക്കാൻ തുടങ്ങി. സാർവ്വദേശീയഗാനമോ ജനഗണമനയോ വന്ദേമാതരമോ അല്ലാതെ ഇക്കാലഘട്ടത്തിന് ഏറ്റവും അനുയോജ്യമായ വരികൾ ജനഗണമനയ്ക്ക് ശേഷം വരുന്ന രണ്ടാം പാദത്തിലാണ്. അതാണ് ദേശഭക്തിഗാനമായി അംഗീകരിക്കപ്പെടേണ്ടത്. സാർവ്വദേശീയത ഇതിലുണ്ട്. ഭൂപടത്തിലെ ഇന്ത്യയല്ലാതെ മറ്റൊരു ഇന്ത്യയുണ്ട്. ദേശഭക്തിയുമുണ്ട്. ഇനിയെങ്കിലും ഒരു സമവായത്തിലെത്താം. വെറുതെ ടാഗോർ നിന്ദ പറഞ്ഞ് സമയം കളയേണ്ടതില്ല. ടാഗോർ തന്നെ ഈ വിമർശനത്തിന് മറുപടി പറഞ്ഞിട്ടുണ്ട്. സാർവ്വദേശീയവാദിയായ അദ്ദേഹം ദേശീയതാ വിഷയത്തിൽ ഗാന്ധിയോട് വിയോജിച്ചയാളാണ്. ടോഗോറിന്റെ കാലശേഷമാണ് ജനഗണമന ദേശീയഗാനമായത്. ടാഗോർ ഉണ്ടായിരുന്നെങ്കിൽ ഇത് അംഗീകരിക്കുമായിരുന്നോ എന്ന് സംശയമുണ്ട്. ഇനി നമുക്ക് പ്രഭാതഗീതത്തിലെ രണ്ടാം ചരണം വായിക്കാം.

അഹരഹതവ ആഹ്വാന പ്രചാരിത
സുനിതവ ഉദരവാണീ
ഹിന്ദു, ബൗദ്ധ, ശിഖ, ജൈന, പരസിക
മുസൽമാന, ക്രിസ്ത്യാനി,
പൂരബ പശ്ചിമ ആസേ, തവ
സംഹാസന പാസേ
പ്രേമഹാര ഹയ ഗാഥാ,
ജനഗണ ഐക്യവിധായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ! ജയഹേ! ജയഹേ!
ജയ ജയ ജയ ജയഹേ!

### ഹിന്ദു ഐക്യം

ഇന്ത്യാ മഹാരാജ്യത്തെ ഏതൊരു വ്യക്തിക്കും സ്വന്തം സ്വാതന്ത്ര്യമനുസരിച്ച് ഏതു മതം സ്വീകരിക്കാനും ഒരു മതവുമില്ലാതെ ജീവിക്കാനുമുള്ള അവകാശം ഭരണഘടന വാഗ്ദാനം ചെയ്യുന്നുണ്ട്. ഇതിന്റെ ലംഘനം കുറ്റകൃത്യമായി വരെ പരിഗണിക്കാറുമുണ്ട്. ഇന്ത്യ പരമാധികാര മതേതര രാജ്യമായതിനാലാണ് ഈ സ്വാതന്ത്ര്യം നിലനിൽക്കുന്നത്. എന്നാൽ ഇവിടെ ജാതി മാറ്റാൻ സ്വാതന്ത്ര്യമില്ല. ജന്മം കൊണ്ടാണ്, കർമ്മം കൊണ്ടല്ല ജാതി നിശ്ചയിക്കപ്പെടുന്നത്. ഇന്ത്യ ജാതി ഹിന്ദുക്കളുടെ രാജ്യമാണ്. ഒരു ദലിതന് ജാതി മാറി നായരോ നമ്പൂതിരിയോ ആകാൻ കഴിയില്ല. അതുപോലെ മറിച്ചും. ഇതാണ് ഇന്ത്യയുടെ ശാപം. സാമൂഹ്യമായ അവശത എന്ന് പറയും. സാമ്പത്തിക പരാധീനതകൾക്കും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും വേണ്ടിയല്ല സംവരണം ഏർപ്പെടുത്തിയത്. ഇന്ത്യയുടെ ഈ ശാപം പേറേണ്ടി വരുന്നവരുടെയും അവരുടെ തലമുറകളുടേയും അവശതക്ക് ഒരാശ്വാസമാണ് സംവരണം. ഹിന്ദുഐക്യവേദിയുടെ ടീച്ചർക്ക് പോലും ഒരു മേൽജാതി സ്വീകരിക്കാനാവില്ല, കീഴ്ജാതിയും. പിന്നെങ്ങനെയാണ് ഹിന്ദു ഐക്യം ഉണ്ടാവുക. ആ പേരിൽ കുറേ ഇരകളെ ആകർഷിക്കാനാവും. മറ്റൊരുമാർഗ്ഗമുണ്ട്. ഹിന്ദുവിലെ വിവിധ വിഭാഗങ്ങൾ തമ്മിൽ മിശ്രവിവാഹം സംഘടിപ്പിക്കുക. എന്നാലും ജാതീയത അവരെ പിന്തുടരും. ഭാരതീയത എന്നെല്ലാം വലിയ വർത്തമാനം പറയുന്നവർ ഇതിന് കൂടി മറുപടി നൽകണം. സസ്യാഹാരം, യോഗ, വേദോപനിഷത്തുകൾ, 5000 വർഷത്തെ പൈതൃകം, ഷഡ്ദർശനങ്ങൾ.... ഇവയുടെ കൂടെ "നരനു നരനശുദ്ധവസ്തു" ആയതിന്റെ കഥയും പറയണമെന്ന് അപേക്ഷിക്കുന്നു. ■